പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4212 | 25.06.2014 ൽ മറുപടിക്ക്.

സ്വകാര്യസ്ഥാപനങ്ങളിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടേയും, ജില്ലാ ലേബർ ഓഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് 2013–14 കാലയളവിൽ, സ്ക്വാഡ് പരിശോധനകളിൽ നിന്നും മിനിമം വേതനം നൽകാത്ത 27 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ വേതന സുരക്ഷാ പദ്ധതി (Wage Protection System) നടപ്പിലാക്കുന്നത് വഴി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഓൺലൈനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമാറ്റഡ് സിസ്റ്റം (LCAS) എന്ന വകുപ്പിന്റെ തന്നെ സോഫ്റ്റ്വെയർ ആപ്ലിക്കേഷനിലൂടെ മിനിമം വേതനം നൽകാത്ത തൊഴിലുടമയുടെ വിവരങ്ങൾ ലഭിക്കുകയും, വേതനം കുറവാണെങ്കിൽ, ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് നിയമനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്. |

| | |
|---|---|
| (ബി) സ്വകാര്യ സ്ഥാപനങ്ങളിലും സംരംഭങ്ങളിലും ജോലി ചെയ്യുന്നവർക്ക് നൽകുന്ന മിനിമം വേതനത്തിൽ കാലാനു സൃതമായ പരിഷ്കരണങ്ങൾ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) മിനിമം വേതന നിയമമനുസരിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകൾ പട്ടികയിൽ ഉൾപ്പെടുത്തിയ 87- തൊഴിൽ മേഖലകൾ ഉണ്ട്. ഇവയിൽ സംസ്ഥാനത്ത് നിലവിലുള്ള 74- തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം നിശ്ചയിക്കപ്പെട്ട മേഖലകളി ലെല്ലാം മിനിമം വേതന നിയമം അനുശാസിക്കും വിധം കഴിയുന്നതും അഞ്ച് വർഷത്തിനു ള്ളിൽ മിനിമം വേതനം പുതുക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ.